**LBS CENTRE FOR SCIENCE AND TECHNOLOGY**
(A Government of Kerala Undertaking)
Nandavanam, Palayam, Thiruvananthapuram - 695 033, Kerala
Phone: 0471 - 2324396, 2324148, 2324101; Fax: 0471 - 2337055
Email: director.lbs@kerala.gov.in; Website: www.lbscentre.kerala.gov.in

ബി9/1148/2026 08.06.2026

# സംസ്ഥാനതല പ്രസിദ്ധീകരണത്തിന്

**അവനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, കോഴിക്കോട് – ഇൻറഗ്രേറ്റഡ് ബി.ഡെസ്+എം.ഡെസ് ഡ്യുവൽ ഡിഗ്രി കോഴ്സിലേക്ക് പ്രവേശനം ആരംഭിച്ചു.**

കോഴിക്കോട്: കാലിക്കറ്റ് സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട അവനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, താമരശ്ശേരി, കോഴിക്കോട് ലെ 2026-27 അധ്യയന വർഷത്തേക്കുള്ള ഇൻറഗ്രേറ്റഡ് ബി.ഡെസ്+എം.ഡെസ് ഡ്യുവൽ ഡിഗ്രി (5 വർഷം) കോഴ്സിലേക്ക് പ്രവേശനം ആരംഭിച്ചു. എൽ ബി എസ് സെന്റർ നടത്തുന്ന കേന്ദ്രീകൃത അലോട്ട്മെന്റ് മുഖേനയാണ് മെറിറ്റ് സീറ്റുകളിൽ പ്രവേശനം നടത്തപ്പെടുന്നത്. മെറിറ്റ് സീറ്റുകളിലേക്ക് പ്രവേശനം നേടാൻ KI-DAT (Kerala Integrated Design Aptitude Test) എന്ന എൻട്രൻസ് പരീക്ഷയിൽ യോഗ്യത നേടണം. അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത: പ്ലസ് ടു (കുറഞ്ഞത് 50% മാർക്ക്), അർഹരായ വിഭാഗങ്ങൾക്ക് 5% മാർക്കിളവുണ്ട്, അല്ലെങ്കിൽ ഡിസൈൻ/ആർക്കിടെക്ചർ/എഞ്ചിനീയറിംഗ് ഡിപ്ലോമ, സമാനമായ ഡി വോക് യോഗ്യത, അല്ലെങ്കിൽ ഇന്റർനാഷണൽ ബക്കലൗറെയ്റ്റ് ഡിപ്ലോമ. കൂടുതൽ വിവരങ്ങൾക്കും പ്രോസ്പെക്ടസിനും, എൽ ബി എസ് സെന്ററിന്റെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കുക.

തിരഞ്ഞെടുക്കപ്പെട്ട പരീക്ഷ കേന്ദ്രങ്ങളിൽ വെച്ച് പ്രവേശന പരീക്ഷ നടത്തുന്നതാണ്. പരീക്ഷ തീയതി പിന്നീട് അറിയിക്കുന്നതാണ്. പ്രവേശന പരീക്ഷയ്ക്ക് ലഭിക്കുന്ന റാങ്ക്ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഈ കോഴ്സിലേക്കുള്ള പ്രവേശനം നടത്തുന്നത്. www.lbscentre.kerala.gov.in എന്ന വെബ് സൈറ്റ് വഴി ഓൺലൈനായി 2026 ജൂൺ 08 മുതൽ ജൂൺ 30 വരെ അപേക്ഷാ ഫീസ് ഒടുക്കി അപേക്ഷ സമർപ്പണം നടത്താവുന്നതാണ്. അപേക്ഷാ ഫീസ്: ജനറൽ/SEBC വിഭാഗത്തിന് Rs 1300, എസ്.സി/എസ്.ടി വിഭാഗത്തിന് Rs 650/-. വ്യക്തിഗത വിവരങ്ങൾ മേൽപ്പടി വെബ്സൈറ്റിൽ കൂടി ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം ഓൺലൈൻ മുഖേന അപേക്ഷാ ഫീസ് ഒടുക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0471-2324396, 2560327 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഡോ. ജയമോഹൻ ജെ**
**ഡയറക്ടർ**